# TECH PULSE

SERVICE SACRIFICE
L.F.G.H.S.S
CHELAKKARA



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ഉണർവിന്റെ പുതുപാഠങ്ങൾ



# താളുകളിലൂടെ

സന്ദേശം
കൈറ്റ് അംഗങ്ങൾ
കവിതാ രചനകൾ
പ്രളയം
സ്പന്ദനം
ചിത്രാരചന
മൊമന്റ്സ് ഒഫ് പ്രൗഡ്
വിട

മാനവർ; സ്രഷ്ടിക്കപ്പെട്ട അന്ന് തൊട്ട് എല്ലാ ജീവജാലങ്ങളിൽ നിന്നും അവർ വ്യത്യസ്തമായി നിന്നു. തന്റെ ബുദ്ധികൊണ്ട് അറിവിന്റെ അമൃത് ആവോളം സേവിച്ച്. അങ്ങനെ മാനവരായി ലോകത്തിലെ ഏറ്റവും ബുദ്ധിയുള്ള ജീവികൾ. ഇന്ന് മാനവർ തന്നെ വികസിപ്പിച്ചെടുത്ത ഇ-മനുഷ്യർ മനഷ്യന്റെ തൊട്ടുപ്പുറകിൽ തന്നെയുണ്ട്.

കമ്പ്യൂട്ടർ എന്നത് വിദ്യാഭ്യാസത്തിന്റെ ഒഴിവാക്കാനാവാത്ത ഘടകമായി കഴിഞ്ഞു. ദ്രുതഗതിയിൽ ഒഴുകുന്ന അറിവിന്റെ നദിയിലൂടെ ഐ.ടി പരിജ്ഞാനം ഇല്ലാതെ സഞ്ചരിക്കാൻ കഴിയില്ല.

ലോകത്തിന്റെയും, മാനവികതയുടെയും, യഥാർത്ഥ രൂപം ഗ്രഹിക്കാൻ'

ഇ-വിദ്യാഭ്യാസത്തിലൂടെ സാധിക്കട്ടെ എന്ന്

പ്രത്യാശിച്ചുകൊണ്ട്............

എഡിറ്റർ

# ടെക് പൾസിന്റെ പിന്നിൽ....

ഫിദ

ബർകത് ആസിയ

ലെവീന സാജൻ

ആർദ്ര സുധീർ

അർച്ചന എം എ

ആദിത്യ അനിൽകുമാർ

ജ്യോതി കൃഷ്ണ

ഗോപിക

സ്വൽഹ

അഭിശ്രീ എം

നവ്യ നായർ പി

# സന്ദേശം

സാങ്കേതികതയിലൂടെ കൂടുതൽ വേഗംത്തിലും എളുപ്പത്തിലും കാര്യങ്ങൾ ചെയ്യുന്നതിൽ പുതുതലമുറ മുൻപിലാണ്. സർഗ്ഗാത്മകമായ ഈ കഴിവുകളും അഭിരുചിയും വർദ്ധിപ്പിച്ച് പ്രയോജനപ്പെടുത്തുന്നതിനായി കുട്ടികളുടെ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ചേലക്കര ലിറ്റിൽ ഫ്ലവർ ഗേൾസ് ഹൈയ്യർ സെക്കന്ററി സ്ക്കൂളിലും നടപ്പിലാക്കി വരുന്നു.ഈ പദ്ധതിയുടെ ഭാഗമായി കുട്ടികൾ നിർമിച്ചു  പ്രസിദ്ധികരിക്കുന്ന e-മാഗസിൻ സമർപ്പിക്കുന്നതിൽ അതിയായ സന്തോഷം ഉണ്ട്.'ടെക് പൾസ് 'ന്റെ  നിർമ്മാണത്തിൽ  പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും,സഹായിച്ച മറ്റു വിദ്യാർത്ഥികൾക്കും പ്രേത്യേക അഭിനന്ദനങ്ങൾ നേരുന്നു.സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയും ഉള്ള ഒരു പുതു തലമുറയെ വാർത്തെടുക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്

ഒപ്പ്

സിസ്റ്റർ സാലി തോമസ് [ഹെഡ് മിസ്ട്രസ് ]

# THE BLOOMING BUDS



# ചിത്രങ്ങളിലൂടെ.....


THE KERALA STATE
BHARAT SCOUTS & GUIDES
ലഹരിവിരുദ്ധ ബോധവത്കരണം
L.F.G.H.S.S CHELAKKARA
8th CVD HSS Guide Group Unit No. 16393
Chelakkara - 680586







# നമ്മടെ അമ്മമാരും ഹൈടെക്കായി ട്ടാ....













SAVE WATER

# അനാവശ്യമായി തലയിട്ടാൽ....

ഒരിടത്ത് ഒരു വീട്ടിൽ കർഷകന് ഒരു കുതിരയും ആടും ഉണ്ടായിരുന്നു. വയസ്സായതിനാൽ വളരെ അവശനായ കുതിരയ്ക്ക് എഴുന്നേറ്റ് നിൽക്കാൻ പോലും സാധിച്ചിരുന്നില്ല. കുതിര മൂന്ന് ദിവസത്തിനകം എണീറ്റില്ലെങ്കിൽ പിന്നെ അതിനെ കൊല്ലണം എന്ന മൃഗാശുപത്രി ഡോക്ടറുടെ സംസാരം തൊട്ടപ്പുറത്തു നിന്നും അതേ വീട്ടിലെ ആട് കേട്ടിരുന്നു.

ഇക്കാര്യം തളർന്ന് രോഗിയായി കിടക്കുന്ന കുതിരയോട് ആട് ഓടിച്ചെന്ന് പറഞ്ഞു.എണീക്കാൻ പല നിലയ്ക്കും ശ്രമിച്ചെങ്കിലും കുതിര ഏറെ അവശനായിരുന്നു. രണ്ടാം ദിവസവും ആട് കുതിരയുടെ അടുത്തെത്തി എണീക്കാൻ പ്രേരിപ്പിച്ചെങ്കിലും കുതിരയ്ക്ക് അതിനുസാധിച്ചില്ല.മൂന്നാം ദിവസം കുതിരയ്ക്ക് കൂടുതൽ ധൈര്യം പകർന്ന് ആട് പറഞ്ഞു:'ഇത് അവസാന ദിനമാണ്, എങ്ങനെയെങ്കിലും എണീറ്റില്ലെങ്കിൽ നിന്നെ അവർ കശാപ്പ് ചെയ്യും."മരണം ഭയന്ന് കുതിര ഒരുവിധം എഴുന്നേറ്റു നിന്നു ഇതു കണ്ട് കർഷകന് അതിരറ്റ സന്തോഷമായി .ഈ സന്തോഷം ആഘോഷിക്കാനായി ആടിനെ കർഷകൻ അറുത്ത് സദ്യയൊരുക്കി.

**ഗുണപാഠം:"ആവശ്യമില്ലാത്ത കാര്യത്തിൽ ഇടപെടരുത്"**

**ഗോപിക കെ.എസ്**
**8.C**

# പ്രളയം

കാർമേഘങ്ങൾ ഇരുണ്ടു കൂടിയപ്പോഴേ അവൾ ആലോചിചതാ മുറ്റത്തുനിന്ന് തുള്ളിച്ചാടി കളിക്കണമെന്ന് പെട്ടന്നായിരുന്നു ചറപറചറപറാന്ന് മാനത്ത് നിന്ന് എന്തോ ഒന്ന് പൊട്ടി വീഴും പോലെ മഴ പെയ്യ്ത് തുടങ്ങിയത് പെട്ടന്നാണ് പിന്നിൽ നിന്നാരോ വളരെ ബലമായിപിടിക്കുന്നതുപോലെതോന്നിയത്. തിരിഞ്ഞുനോക്കുമ്പോൾ ഏതോ പരിയമുള്ള മുഖം പോലെ. സൂക്ഷിച്ചുനോക്കിയപ്പോഴാഅമ്മയാണെന്ന്ഗായത്രിയ്ക്ക് മനസ്സിലായത്.

അമ്മയുടെ ഉച്ചത്തിലുള്ള സ്വരം അവിടെ മുഴങ്ങി എങ്ങോട്ടാ ഈ മഴയത്ത് വേഗം അകത്തോട്ട് പോ മഴനഞ്ഞാൽ പനിപിടിയ്ക്കും. ഇത് പറയും മുമ്പ് തന്നെ അവളെ അകത്തേക്ക് കയറ്റി.മഴ വീണ്ടും ശക്തമായി പെയ്യുകൊണ്ടിരുന്നു. അവൾ ജനലഴിയിലൂടെ മഴയെ ആസ്വദിച്ചു അപ്പോഴാണ് അച്ഛൻ വീട്ടിലേക്ക് വന്നത് അച്ഛന്റെ വകയും അവൾക്ക് കിട്ടി " മഴ പെയ്യുമ്പോൾ ജനലഴിയിൽ പിടിച്ചിരിക്കുന്നത് അപകടമാണ് " അവൾക്ക്മഴ മടുത്തു . കാരണം പുറത്തൊന്നും ഇറങ്ങാൻ സാധിക്കുന്നില്ല .പക്ഷെ മഴ ഒരാഴ്ചയോളം പെയ്യുകൊണ്ടേയിരുന്നു.വെള്ളം കുത്തിയൊലിച്ച് തോടുകളും കുളങ്ങളും നിറഞ്ഞുകവിഞ്ഞു. ഗായത്രിയുടെ വീട് ഒരു താഴ്ചയയിലായതിനാൽ അവിടെയും വെള്ളം എത്തികഴിഞ്ഞു.

ആദ്യമൊക്കെ വീടുകളിൽ വെള്ളം കയറുന്നു എന്ന വാർത്ത ഗായത്രി അത്ര ഗൗരവമായി എടുത്തില്ല . സ്വന്തം വീട്ടിൽ കയറിയതോടെ ഭീതികൂടി . അവരെ വീട്ടിൽ നിർത്തുന്നത് നന്നല്ലെന്ന് കണ്ട രക്ഷാപ്രവർത്തകർ അവരെ മറ്റൊരു സ്ഥലത്തേക്കു മാറ്റിപാർപ്പിച്ചു. അവിടെ അവരെ പോലെയുള്ള കുറെ കുടുംബങ്ങൾ ഉണ്ടായിരുന്നു. അവളുടെ മനസ്സിൽ പല പല ചിന്തകളും അവളെ അസ്വസ്ഥയാക്കി . എങ്ങനെ ഞാനും എന്റെ കുടുംബവും ഇവിടെയെത്തി ? എന്തുകൊണ്ടാ ഞങ്ങൾ ഇങ്ങനെയായത്? ആരാണ് ഞങ്ങളെ ഇവിടെ എത്തിച്ചത്? ഇങ്ങനെ ഒരോരോ ചോദ്യങ്ങൾ അവളെ വീണ്ടും അസ്വസ്ഥയാക്കി. അവസാനം ആരോടെങ്കിലും ചോദിച്ച് ഉത്തരങ്ങൾ കണ്ടെത്തുകയല്ലാതെ നിവർത്തിയിലെന്നു അവൾക്കു മനസ്സിലായി കാരണം അവൾ ഉറങ്ങുമ്പോഴായിരുന്നു എല്ലാം സംഭവിച്ചത്. അവസാനം അവൾ അമ്മയോട് എല്ലാം ചോദിച്ചു. പക്ഷേ അമ്മ ഒറ്റവാക്കിൽ ഉത്തരമെന്നപോലെ എല്ലാറ്റിനും പ്രളയം എന്ന ഒറ്റ മറുപടിയാണ് കൊടുത്തത്. അവൾക്ക് പ്രളയം എന്താണെന്നു മനസ്സിലായില്ല . പെട്ടെന്ന് അവൾ അച്ഛനെ തിരക്കി അച്ഛൻ ആവശ്യസാധനങ്ങൾ എടുക്കാൻ വീട്ടിലേക്കു പോയെന്ന് അമ്മ പറഞ്ഞു. നേരം ഏറെ ഇരുട്ടായിട്ടും അച്ഛനെ കാണാതെ അമ്മയും ചേച്ചിയും വിഷമിച്ചു

അവസാനം അമ്മ തന്നെ സ്വയം ആശ്വസിച്ചു. വഴിയിലെങ്ങാ

നം മഴ കാരണം വിട്ടിലേക്ക് തന്നെ തിരിച്ചു പോയികാണും . അങ്ങനെയൊരു ദിവസം രാവിലെ മഴ മാറി ,ഒരിളം വെയിൽ വന്നു തുടങ്ങി. ആളുകൾ വീടുകളിലേക്ക് തിരിച്ചുപോയി. വീട് കണ്ട അമ്മ ആദ്യം അലറി പിന്നെ ആളുകൾ കൂടി അവസാന സമയം ഏറെ ആയപ്പോഴാണ് അവൾക്ക് അച്ഛൻ ഈ ലോകം വിട്ട് പോയെന്ന് മനസ്സിലായത്. ആ വാർത്ത കേട്ട് ഗായത്രിയും അലറി വിളിച്ച് കരഞ്ഞു . അവസാനം മഴയെല്ലാം തീർന്നു . അച്ഛൻ മാഞ്ഞു . പിന്നീട് അവൾക്ക് പ്രളയം എന്തെന്നറിയില്ലെങ്കിലും പ്രളയം അച്ഛനെ കൊണ്ടുപോകാൻ വന്നതാണെന്ന് അറിയാമായിരുന്നു.

ഫാത്തിമ സ്വൽഹ

**10A**

# മായുന്ന പ്രകൃതി

ദൂരെയൊരു മല,അതിൻ മുകളിലായ്  ഒരു വനം
ഇതൊരു മലയല്ലിതൊരു ഘോരവനം
പ്രകൃതി തൻ മടിത്തട്ടിലുറങ്ങുന്ന മല.
പ്രകൃതി തൻ സൗന്ദര്യമാം പുണ്യമിതു  മല

ഹേ മനുഷ്യാ......അതിനെയാണിന്നു
നീ നിർജ്ജീവമാക്കുന്നതെന്നോർക്കുക.
"ന്യൂജനറേഷനാം"കാലത്ത് മായുന്നു
മലയും വനവും കാടുമൊക്കെ....

ഓർമ്മയായി ഒരുകുറ്റിച്ചെടി മാത്രം.....

അശ്വതി കെ.യു
8.F

# ജലക്ഷാമം

'മനുഷ്യസൃഷ്ടിയായ മനുഷ്യർ അനുഭവിക്കും,
മഹാദുരിതമാണി ജലക്ഷാമം'.
ഒരു കൂട്ടം ജനതതൻ ദാഹജലവേദന,
കണ്ണീരായി പൊഴിയുമിതാണു ജലക്ഷാമം
ജലം പാഴാക്കിയാൽ ഭാവിയിൽ അത്,
മഹാദുരിതമായി മാറുമെപ്പോഴെങ്കിലും.
ജലം അമൂല്യമാണെന്ന തിരിച്ചറിവ് നേടാം
ജലത്തെ സംരക്ഷിക്കാം നമ്മുക്കേവർക്കും

വിനീഷ.ആർ
8.F

# ഓർമ്മകളായി എന്നിൽ സൗഹൃദബന്ധം

ആദ്യമായി അക്ഷരവിദ്യാലയത്തിൽ
കരഞ്ഞുപോയി അന്നൊരുനാളിൽ
അച്ഛനും അമ്മയും ഇല്ലാത്തമുറിയിൽ
എകയായ് സങ്കട തിരമാലകളായ്
മാറിയൊരു നേരം
സങ്കട കടലിൽ നിന്നുണരു എന്നു ചൊല്ലി
പാഠപുസ്തകത്തിന്റെ അരികിൽ
വന്നൊരു ചിരിക്കും ദീപമായ്
എന്റെ മുന്നിൽ സൗഹൃദം
ഞാൻ കരയുമ്പോൾ കൂടെ കരയുന്ന
കൂട്ടായ് മാറിയെന്നിൽ സൗഹൃദ ബന്ധം
മിണ്ടലും മിണ്ടാതിരിക്കലും കടന്നുപോയ്
അന്നൊരു  നാൾ ഇന്നന്റെ മനസ്സിൽ
ഓർമ്മകളായ് തീർന്നു സൗഹൃദം

ലിനിഷ എൻ .ആർ
10.D

# പെണ്ണെഴുതുമ്പോൾ

അടുക്കള ചുമരുകൾ കവിത ചൊല്ലുന്നത്
കേട്ടാണൊരു എഴുത്തുക്കാരിയുണരുന്നത്
പാത്രങ്ങളുടെ കലഹങ്ങൾക്കിടയിലൂറി
വന്നൊരു കവിതയുടെ കാവ്യത്മകയെങ്ങോ
പിണങ്ങിപ്പോകും....
അരി തിളയ്ക്കുന്നതിനൊപ്പം തിളച്ചുമറിയുന്ന
പെൺമനസ്സിൽ.....വരികളൊരൊന്നും
തിളച്ചുവറ്റിവരണ്ടുപോകാറുണ്ട്.
നെഞ്ചിലെ നെരിപ്പോടിലുരച്ച് വാർത്തെടുത്ത
ബിംബങ്ങൾ.......
ശില്പ്പിയുടെ ജോലിഭാരത്താൽ തകർ -
ന്നടഞ്ഞ് പോയത്.......
നീറുന്ന ജീവിതമായവൾ  കേറിയിട്ടുമ്പോൾ
എറിഞ്ഞുടച്ചുകളയല്ലേ
ജീവാംശമായ ബീംബങ്ങളെ........

*അഭിശ്രീ എം*

**8.A**

## *ഒരു കുടച്ചവട്ടിലേക്ക്*
## *കാടിനെ ചേർക്കുമ്പോൾ*

ഒരു കുട നിവർത്തി നിന്റെ കൂടെ നടക്കണമെന്ന്
തോന്നുമ്പോഴൊക്കെ പോവാറുണ്ട്.....
വളരെ വളരെ അപരിചിതമായ ഇടങ്ങ-
ളിലേക്ക് തേനീച്ചകൾ പറന്ന് തേൻ
കൊണ്ടു വരുന്നത് കണ്ടിട്ടുണ്ടോ.
കാത്തിരിക്കണം അതിന്
മഞ്ഞുസവാരിക്കിറങ്ങുമ്പോൾ
വെളുത്ത കുതിരയാവണമെന്ന്
പറഞ്ഞതോർമയുണ്ടോ.
വനത്തിലേക്ക് കയറുന്നതിന് മുമ്പേ
സൂര്യസ്നാനം നടത്തണമെന്നും മൈന-
യുടെ പാട്ട് കേട്ടിട്ടുണ്ടോ
ഒരോ മരത്തതിനും ഒരോ തരം പാട്ടാണ്
നിവർന്ന് നിൽക്കുമ്പോഴും.........

*നവ്യ നായർ പി*
**8.D**

# അറിവിന്റെ ദീപം

ഈ ജീവിതാത്മാവിൻ ഏറിയ പങ്കും...
ഈ സരസ്വതിക്ഷേത്രത്തിൽ ആയിരിക്കുന്നു
നാം ഏവരും...
ഈ കാലയളവിൽ നേടിടേണം,
നാം മൂല്യങ്ങളെറെ അതിനാൽ മാത്രമേ
ഈ ജീവിതം ധന്യമാക്കൂ
അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു
നൽകുമി...
ഗുരുഭൂതർ തൻ.......
മനമൊന്നു നോവിച്ചാൽ ആകില്ല
അതിനു,പരിഹാരമൊന്നും,അതോർക്കുക നാം
ആ ശിക്ഷണത്തിൻ കീഴിൽ
ആസ്വദിക്കണം ഈ വിദ്യാലയ ജീവിതം
അതെന്നും ഓർമ്മയായി മനസ്സിൽ
കുളിർമയായി വസന്തമായി തങ്ങി നിൽക്കും

ഡെൽന ഡോമിനിക്ക്
9.B

# അമ്മ

നിങ്ങളിൽ ആരെങ്കിലും ഈ ഭൂമിയിലെ ഈശ്വരന്മാരെ കണ്ടിട്ടുണ്ടോ.ഇല്ലെങ്കിൽ ഞാൻ കണ്ടിട്ടുണ്ട് എന്റെ അമ്മ. ഞാൻ കണ്ട ഏറ്റവും വലിയ ജീവിതവും ഞാൻ വായിച്ച പുസ്തകവും എന്റെ അമ്മയാണ്.

അകത്താരിൽ കുളിർചൊരിയുന്ന രണ്ടക്ഷരമാണ് എന്റെ അമ്മ.എന്നെ ഒരുപ്പാട് പാടുപ്പെട്ട് എനിക്ക് പാല് തന്ന് വളർത്തി. രോഗിയായപ്പോൾ ഡോക്ടറായി, പിന്നെ പലരൂപതിൽ.എനിക്ക് എല്ലാം എന്റെ അമ്മയാണ്....................

ആഷിദ അഷറഫ് കെ.എ
8.D

# സ്പന്ദനം

എന്തിനെന്നറിയാതെ തുടിക്കുന്ന,

എൻ ഹൃദയമിന്ന്,
സ്പന്ദനം നിലച്ചിരുന്നെങ്കിലെന്നു
ഞാൻ ആശിച്ചിടുന്നു

കണ്ണിൽ നിറയെ ,കാതിൽ ധ്വനിയായ്

വന്നണഞ്ഞീടുന്നു....
എൻ ഉള്ളം തകർത്തീടും മനം
അറക്കുന്ന സത്യങ്ങൾ
വിശപ്പിൻ വേദനയറിഞ്ഞു

അന്നവൻ....

വിശപ്പിനാൽ എടുത്തതാണവൻ...

'മധു'.... സഹോദരാ മാപ്പ്.....

നിൻ മരണത്തോളമില്ല ഇനിയൊന്ന്,
ഈ ദേശത്തെ
തകർത്തെറിയാൻ അതു ധാരാളം
പിന്നെയിതാ എൻ ശരീരമാകെ
മരവിപ്പിക്കുന്നു

ഒരു സ്ത്രീയായ ഞാൻ ഇന്ന്

എഴുതുന്നു

എന്റെ സഹോദരികൾക്ക്

വേണം മോചനം

സൗമ്യ ആസിഫ മാപ്പ്.....

എന്തിനിനീ ലോകം?....

എന്തിനിനീ മനുഷ്യർ?...

ഇനിയും എന്തിനാണീ മാനവർ,

വിണ്ണിനാൽ ഭാരമായ ഈ

കൊടും ക്രൂരരേ രക്ഷിക്കുന്നു?

ഇല്ല!....ദൈവത്തിന്റെ


പുസ്തകത്തിൽ നിനക്കു

മാപ്പില്ല!....


നിനക്കു മാപ്പില്ല!.....

ആഷിമ നസ്‌റിൻ


# ടെക്ക് ചിത്രങ്ങൾ











# TECH PULSE







Anjali.e.u
VIII.D
ROLL.NO 27



Anjali.e.u
VIII.D
Roll.no 27


by
Nishana Nasrin.K.A
VIII.F

# MOMENTS OF PROUD



സയൻസ് ടാലന്റ് സെർച്ച് എക്സാമിനേഷനിൽ സ്റ്റേറ്റ് ലെവൽ
'A'ഗ്രേഡ് കരസ്ഥമാക്കിയ  അനഘ പി. അനിൽ ന് ആശംസൾ



സംസ്കൃതം കവിതാ രചനയിൽ സ്റ്റേറ്റ് ലെവൽ ' A' എഗ്രേഡ്
നേടിയ സുഗന്യ സുരേഷ് കുമാറിനു അഭിനന്ദനങ്ങൾ.



സംസ്കൃതം ഉപന്യാസരചനയിൽ സ്റ്റേറ്റ് ലെവല്ലിൽ 'A' ഗ്രേഡ്
കരസ്ഥമാക്കിയ ഡെന്ന ഡേവിസിനു അനുമോദനങ്ങൾ.

# നന്ദിയുടെ നറുമലരുകൾ

ഡിജിറ്റൽ മാഗസിനായ ടെക് പൾസ് യാതാർ ത്ഥ്യമാക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഇതിനു നേതൃത്ത്വം നൽകിയ ഞങ്ങളുടെ ടീച്ചേർസിനും
സഹായസഹകരണങ്ങൾ നൽകിയ എല്ലാവർ ക്കും ഒരായിരം നന്ദി............

എഡിറ്റർ

ഫിദ.